2. സംസ്ഥാനത്ത് വീടുകളിൽ പാചക-ശുചീകരണ ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന 2003-ലെ കേരള ബിൽ

ശ്രീ. എം. എ. വാഹീദ്: സർ, സംസ്ഥാനത്ത് വീടുകളിൽ പാചക-ശുചീകരണ ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി രൂപീകരണം എന്ന 2003-ലെ കേരള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. എം. അഗസ്തി: ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലിമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുകയാണ്. സംസ്ഥാനത്തെ വീട്ടുജോലിക്കാരായിട്ടുള്ള ആളുകൾക്കുവേണ്ടി ക്ഷേമനിധി ഏർപ്പെടുത്തണമെന്നുദ്ദേശിച്ചുകൊണ്ടുള്ള ശ്രീ. എം. എ. വാഹീദിന്റെ ബില്ലിലെ ആശയം വളരെയേറെ അഭിനന്ദനാർഹമാണ്. സദുദ്ദേശത്തോടുകൂടിയാണ് അദ്ദേഹം ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. പക്ഷേ ഈ ബില്ലിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ പ്രായോഗികമായ നിരവധി ബുദ്ധിമുട്ടുകളുണ്ട്. വീട്ടുജോലിക്കാർ എല്ലാംതന്നെ ഏതെങ്കിലുമൊരു സേവന വ്യവസ്ഥയ്ക്ക് വിധേയമായിട്ടല്ല പണിയെടുക്കുന്നത്. നിയമപരമായ വ്യവസ്ഥകൾക്ക് വിധേയമായി വീട്ടുജോലിക്കാരുടെ സേവനം നിശ്ചയിക്കുക പ്രയാസമാണ്. മാത്രവുമല്ല, വീട്ടുജോലിക്കാർ എന്ന് പൊതുവേ വിവക്ഷിക്കാറുണ്ടെങ്കിലും ഇത്തരത്തിൽ പെടുന്ന എത്ര പേർ ഇതിന്റെ ഗുണഭോക്താക്കളായി ഉണ്ടാകുമെന്നതിന് വ്യക്തമായ കണക്കുകൾ ആരുടെ പക്കലും ഇല്ല. ഈ പശ്ചാത്തലത്തിൽ ഇത്തരം ഒരു ബിൽ തികച്ചും അപ്രായോഗികമായിരിക്കുമെന്നുള്ളതുകൊണ്ട് ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ ഗവൺമെന്റ് എതിർക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, വളരെ ദുഃഖത്തോടുകൂടി ഒരു കാര്യം പറയുകയാണ്. എല്ലാ വെള്ളിയാഴ്ച ദിവസങ്ങളിലും നമ്മുടെ പാർലിമെന്ററികാര്യ മന്ത്രി ഒരു കാവന്റെ രൂപത്തിലാണ് ഈ ഹൗസിലേക്ക് വരുന്നത്. എല്ലാ ബില്ലുകളേയും കൊല്ലുന്ന ഒരു രൂപത്തിലാണ് വരുന്നത്. അതിൽ വലിയ ദുഃഖമുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ: എല്ലാ വെള്ളിയാഴ്ചയും ബഹുമാന്യനായ പാർലിമെന്ററികാര്യ മന്ത്രി പള്ളിയിൽ പോയി ജുംഅഃ നമസ്ക്കരിക്കാറുണ്ട്. അവിടെ കുത്തുബകൾ കേൾക്കാറുണ്ട് എന്നുള്ള കാര്യം അങ്ങേക്ക് അറിയാമല്ലോ. സത്യവിശ്വാസിയായതുകൊണ്ട് അദ്ദേഹം ഒരിക്കലും സത്യത്തെ നിഷേധിക്കുന്ന ആളല്ല എന്ന കാര്യം അങ്ങേയ്ക്ക് ബോദ്ധ്യമുണ്ടോ?

ശ്രീ. എം. എ. വാഹീദ്: മിസ്റ്റർ പ്രതാപൻ, അതും ഓർമ്മയുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഈ എല്ലാ കൃത്യങ്ങളും ചെയ്യുന്നതിന് പാപം ലഭിക്കാതിരിക്കാൻവേണ്ടി ജുംഅഃ നമസ്ക്കാരത്തിന് പോകുമ്പോൾ അദ്ദേഹം മുമ്പും പിമ്പും രണ്ട് സുന്നത്ത് നമസ്ക്കാരം കൂടി ചെയ്യുന്നത് 'പടച്ചവനെ ഈ പാപമൊന്നും എന്നിൽ ഏൽപ്പിക്കരുതേ' എന്ന് പറയാൻവേണ്ടിയാണ്. എന്നാലും അടുത്ത വെള്ളിയാഴ്ച വരുമ്പോൾ ഇതേ പാപം ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളുമാണ് വെള്ളിയാഴ്ച വരുന്നത്. പല പ്രമേയങ്ങളും നമ്മൾ അംഗീകരിക്കുന്നുണ്ട്. പക്ഷേ ഈ ബില്ലുകളുടെ കാര്യത്തിൽ ഈ സഭയിൽ എത്രയോ കാലമായി നിലനിന്നു വരുന്ന സാഹചര്യമാണ്. ബിൽ കൊണ്ടുവരുന്നതുകൊണ്ട് പ്രയോജനമില്ല. വെള്ളിയാഴ്ച ദുഃഖവെള്ളിയാഴ്ചയല്ല. കാരണം ഈ ബില്ലുകളിലെ പ്രധാനപ്പെട്ട ആശയങ്ങൾ ഗവൺമെന്റ് എടുക്കുന്നുണ്ട്. അത് ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ട് ഇത് പ്രയോജന രഹിതമാണെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുന്നത് വളരെയധികം മോശമാണെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതനുസരിച്ച് അദ്ദേഹം കൈകാര്യം ചെയ്യുന്ന വകുപ്പുകളെല്ലാം വളരെ ഭംഗിയായിട്ടാണ് കൈകാര്യം ചെയ്യുന്നത്. ഇൻഹർമേഷൻ, പാർലമെന്ററി അഫയേഴ്സ്, പ്രവാസികളുടെ പ്രശ്നം മുതലായവ. പുറത്തുള്ള ചില ആളുകൾ അദ്ദേഹത്തിന് കാര്യമായ വകുപ്പൊന്നും ഇല്ലായെന്ന് പറയുന്നു. അദ്ദേഹം ഉള്ള വകുപ്പുകൾ ശക്തമായും നന്നായും കൊണ്ടുപോവുകയാണ്. അദ്ദേഹത്തിന്റെ തൊപ്പിയിൽ ചേരാത്ത ഒരു തൂവലാണ് വെള്ളിയാഴ്ച ദിവസങ്ങളിലെ ഈ അനൗദ്യോഗിക ബില്ലുകൾ. കാരണം ഇതിൽ അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ശൈലിക്ക് വിരുദ്ധമായി അദ്ദേഹത്തിന് പ്രവർത്തിക്കേണ്ടി വരുന്നുവെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ജെ. പൗലോസ്: സർ, ബൈബിളിൽ ഒരു വാചകമുണ്ട്. ഫലം തരാത്ത വൃക്ഷത്തെ വെട്ടി നശിപ്പിക്കണമെന്ന്. പാർലിമെന്ററികാര്യ മന്ത്രി പറഞ്ഞതുപോലെ ഒരു ഗുണവും ചെയ്തില്ലായെന്ന ഉത്തമ ബോദ്ധ്യമുണ്ടെങ്കിൽ ഇപ്പോൾ അദ്ദേഹം ചെയ്യുന്നതുതന്നെ ചെയ്യുന്നതാണ് നല്ലത്. ഫലം തരാത്ത ഒരു വൃക്ഷമായിട്ടാണ് ഈ ബിൽ ഇപ്പോൾ കൊണ്ടുവരുന്നത്.

ശ്രീ. എം. എ. വാഹീദ്: അംഗം പറഞ്ഞത് ശരിയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ദുഃഖവെള്ളിയാഴ്ചയല്ല എന്നാണ്. സഭയെ സംബന്ധിച്ചിടത്തോളം കറുത്ത വെള്ളിയാഴ്ചയായിട്ടാണ് നിൽക്കുന്നത്. ഞാൻ എന്റെ ബില്ലിലേക്ക് വരികയാണ്. കൂട്ടുകുടുംബ സമ്പ്രദായം നിലനിന്നിരുന്ന കാലത്ത് നമ്മുടെ നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലും വീട്ടിലെ മറ്റു ജോലികൾ ചെയ്യുന്നതിന്, പുറംജോലിയും അകംജോലിയുമൊക്കെ ചെയ്യുന്നതിന് ആളുകളുണ്ടായിരുന്നു. ഇന്നത്തെ സ്ഥിതി അതല്ല. ഇന്ന് അണുകുടുംബമായി മാറിയിരിക്കുന്ന കാലഘട്ടമാണ്. പട്ടണങ്ങളിലായാലും ഗ്രാമങ്ങളിലായാലും അണുകുടുംബങ്ങളാണ്. നമ്മൾ രണ്ട്, നമുക്ക് രണ്ട് എന്നതായിരുന്നു പഴയ മുദ്രാവാക്യം ഇപ്പോൾ അത് നമ്മൾ ഒന്ന്, നമുക്ക് ഒന്ന് എന്ന സ്ഥിതിയിലേക്ക് മാറിപ്പോയി. അതായത് ഒരു വീട്ടിൽ ഒരു അമ്മയും ഒരു അച്ഛനും പിന്നെ ഒരു മകനോ മകളോ ആണ് കാണുന്നത്. ഇത്തരം സ്ഥിതി വിശേഷമുള്ള കുടുംബങ്ങളിലും അച്ഛനും അമ്മയും ജോലിക്ക് പോവുകയാണ്. കുട്ടി ഉണ്ടെങ്കിൽ അത് പഠിക്കാൻ പോവുകയാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: അങ്ങ് ഈ മുദ്രാവാക്യം പ്രാവർത്തികമാക്കിയിട്ടുണ്ടോ?

ശ്രീ. എം. എ. വാഹീദ്: ആദ്യത്തെ മുദ്രാവാക്യം പ്രാവർത്തികമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹൻകുമാർ: ബഹുമാനപ്പെട്ട എം. എ. വാഹീദ് നാമൊന്ന് നമുക്ക് ഒന്ന് എന്ന മുദ്രാവാക്യത്തിൽ എത്തിയതായി ഇവിടെ പറയുകയുണ്ടായി. പുതിയ ഒരു മുദ്രാവാക്യം പാശ്ചാത്യ രാജ്യങ്ങളിൽ വരികയാണ്. നാം പൂജ്യം നമുക്ക് പൂജ്യം. അതിനെക്കുറിച്ച് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. എം. എ. വാഹീദ്: ഇതിപ്പോൾ എന്തായാലും എനിക്കും മോഹൻകുമാറിനും പ്രാവർത്തികമാക്കാൻ പറ്റില്ല. അങ്ങനെയുള്ള ഒരു ദുഃഖസ്ഥിതിയിലാണ് ഞാനും ബഹുമാനപ്പെട്ട അംഗവും നിൽക്കുന്നത്.

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാന്യനായ നമ്മുടെ മെമ്പർ മോഹൻകുമാർ പറഞ്ഞത് നാം പൂജ്യം, നമുക്ക് പൂജ്യം എന്നാണ്. ഈ സഭയിൽ നമ്മുടെ മുൻമന്ത്രി കെ. രാധാകൃഷ്ണൻ അത് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു എന്ന കാര്യം അങ്ങേക്ക് അറിയാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതൊന്നും ശരിയല്ല. ഇത്തരം കാര്യങ്ങളൊക്കെ സഭയിൽ പറയുന്നത് ശരിയല്ല.

ശ്രീ. ഇ. എം. അഗസ്തി: ബഹുമാനപ്പെട്ട രാധാകൃഷ്ണനെപ്പറ്റി ശ്രീ. പ്രതാപൻ പറഞ്ഞത് ശരിയല്ല. അദ്ദേഹം അത് പ്രാവർത്തികമാക്കിയിട്ടില്ല. അദ്ദേഹം നാമൊന്ന് നമുക്ക് രണ്ട് എന്ന് ചിന്തിക്കുന്ന കാലഘട്ടമാണ് എന്ന കാര്യം അറിയില്ലേ?

ശ്രീ. എം. എ. വാഹീദ്: പുതിയ മുദ്രാവാക്യം പ്രാവർത്തികമാക്കിയത് ബഹുമാനപ്പെട്ട പാർലിമെന്ററികാര്യ മന്ത്രിയാണ്. വേറെ ആരെങ്കിലുമുണ്ടോയെന്ന് എനിക്കറിയില്ല. നാമൊന്ന് നമുക്കൊന്ന് എന്നുള്ള മുദ്രാവാക്യം അദ്ദേഹമാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്. ബാക്കി ഈ പറയുന്നവരെല്ലാം പഴയ മുദ്രാവാക്യത്തിൽ നിൽക്കുന്നവരാണ്.

ശ്രീ. എം. എം. ഹസ്സൻ: കൂടുതലായാൽ കുഴപ്പമാണെന്ന് എനിക്ക് ബോദ്ധ്യമുള്ളതുകൊണ്ടാണ് ഒരു പെൺകുട്ടി മാത്രം മതിയെന്നുവച്ചത്. ആൺകുട്ടികളുണ്ടായാൽ വലിയ പ്രശ്നമാണ് ..... (ബഹളം).....

ശ്രീ. വർക്കല കഹാർ: അദ്ദേഹം ധരിച്ചതുപോലെ അദ്ദേഹത്തിന്റെ പിതാവ് ധരിച്ചിരുന്നെങ്കിൽ പ്രഗത്ഭനായ ഒരു മന്ത്രിയെ നമുക്ക് നഷ്ടമാവുമായിരുന്നു എന്ന കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. തമ്പാനൂർ രവി: ബഹുമാനപ്പെട്ട പാർലിമെന്ററികാര്യ മന്ത്രി ആൺമക്കളുണ്ടെങ്കിൽ കുഴപ്പമാണ് എന്ന ഒരു സ്റ്റേറ്റുമെന്റാണ് പറഞ്ഞത്. അത് വലിയ കുഴപ്പമാണ്. അത് വലിയ അപകടമാണ്. അദ്ദേഹം അത് പിൻവലിക്കണം. ആൺമക്കളുണ്ടാകുന്നത് കുഴപ്പമാണെന്നു പറയുന്നത് തെറ്റാണ്. അത് രേഖയിൽ കാണാൻ പാടില്ല. ചെയർ അഭിപ്രായം പറയണം.

ശ്രീ. എം. എം. ഹസ്സൻ: തെറ്റിദ്ധരിക്കരുത്. ഞാൻ പറഞ്ഞത് രാഷ്ട്രീയ നേതാക്കൾക്ക് ആൺമക്കളുണ്ടായാൽ അൽപ്പം മനഃപ്രയാസമുണ്ടാകുമെന്ന അർത്ഥത്തിലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് അദ്ദേഹത്തിന്റെ അഭിപ്രായമാണ്. ചെയറിന് ഇതിൽ അഭിപ്രായമൊന്നുമില്ല..... (ബഹളം).....

ശ്രീ. എം. എ. വാഹീദ്: ഇക്കാര്യത്തിൽ ചെയർ ഇടപെടേണ്ടതാണ്. ഇടപെട്ടില്ലെങ്കിലും കുഴപ്പമൊന്നുമില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: നമ്മുടെ ബഹുമാന്യനായ പാർലിമെന്ററികാര്യ മന്ത്രി പറഞ്ഞത് ആൺകുട്ടികളുണ്ടായാൽ കുഴപ്പമാണെന്നാണ്. അതുകൊണ്ട് ഈ ബില്ലിനേക്കാൾ വലിയ പ്രശ്നമാണ് ബഹുമാനപ്പെട്ട പാർലിമെന്ററികാര്യ മന്ത്രി പറഞ്ഞത്. ആൺകുട്ടികളുണ്ടായാൽ കുഴപ്പമാണെന്ന് പറഞ്ഞത് ശരിയല്ല. ഞങ്ങൾക്ക് ആൺകുട്ടികളുണ്ട്, ഞങ്ങളും ആൺകുട്ടികളാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇത് പിൻവലിക്കണം.

ശ്രീ. എം. എം. ഹസ്സൻ: ചില രാഷ്ട്രീയ നേതാക്കൾക്ക് ആൺകുട്ടികളുണ്ടായാൽ മനഃപ്രയാസമുണ്ടാകുമെന്നേ ഞാൻ പറഞ്ഞതിനർത്ഥമുള്ളൂ. കുഴപ്പമാണെന്നൊന്നും ഞാൻ പറഞ്ഞതിനർത്ഥമില്ല.

ശ്രീ. എം. എ. വാഹീദ്: ബഹുമാന്യനായ പാർലിമെന്ററികാര്യ മന്ത്രി പറഞ്ഞത് ശരിയാണ്. ആൺമക്കൾ ഉണ്ടായിരുന്നെങ്കിൽ പോലീസ് സ്റ്റേഷനുകളിലും മറ്റു ചില സ്ഥലങ്ങളിലും കാത്തുനിൽക്കേണ്ടി വരും എന്നുള്ള ഒരു ദുഃഖമുണ്ട്. അതാണ് അദ്ദേഹം പറഞ്ഞത്; അല്ലാതെ വേറെ കുഴപ്പമുണ്ടെന്നുള്ള അർത്ഥത്തിലല്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ചില നേതാക്കൻമാർക്ക് ആൺമക്കൾ പ്രശ്നമുണ്ടാക്കുന്നു എന്നു പറഞ്ഞു. ചില നേതാക്കൻമാർക്ക് ആൺമക്കളേക്കാൾ പ്രശ്നം പെൺമക്കളാണെന്നുള്ള കാര്യം അങ്ങേക്കറിയാമോ?

ശ്രീ. എം. എ. വാഹീദ്: അതു ചിലപ്പോൾ ശ്രീ. പ്രതാപവർമ്മ തമ്പാനായിരിക്കും. അദ്ദേഹത്തിന്റെ അനുഭവം വച്ചുകൊണ്ട് പറഞ്ഞതായിരിക്കാനാണ് സാധ്യത. എന്തായാലും നമ്മുടെ നാട്ടിൻപുറങ്ങളിലും, പട്ടണങ്ങളിലും ഈ അണു കുടുംബ സമ്പ്രദായം വന്നതിനുശേഷം വീട്ടിൽ ആളില്ലാത്ത സ്ഥിതിയാണ്. അച്ഛനും അമ്മയും ജോലിക്കു പോകും. ഒരു കുട്ടിയുണ്ടെങ്കിൽ ട്യൂഷൻ ക്ലാസ്സിൽ പോകും. അതല്ലെങ്കിൽ സ്കൂളിൽ പോകും. അപ്പോൾ വീട്ടിൽ ഒരു ജോലിയും ചെയ്യാൻ ആരും ഇല്ലാത്ത സ്ഥിതിവിശേഷം നമ്മുടെ നാട്ടിൻപുറങ്ങളിലുണ്ട്. അത് പരിഹരിക്കാൻ വേണ്ടി വീട്ടുജോലികൾക്ക് ആളുകളെ സപ്ലൈ ചെയ്യുന്ന സംഘടനകളും ചില കമ്പനികളും നമ്മുടെ പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലുമുണ്ട്. സേവ ഒരു പ്രധാനപ്പെട്ട സംഘടനയാണ്. പിന്നെ സമത, മറ്റൊന്ന് വനിത, പിന്നൊന്ന് മാതാ. ഇങ്ങനെ തുടങ്ങി കുറേ സ്ഥാപനങ്ങൾ കേരളത്തിലെ നാടും ഉണ്ട്. വീട്ടുജോലികൾക്ക് ആളുകളെ സപ്ലൈ ചെയ്യുന്ന ചില കമ്പനികൾ, അവരാണ് സർ, ഈ ആക്ടിന്റെ കീഴിൽ പ്രധാനപ്പെട്ട ഒരു തൊഴിൽ ദാതാവ് എന്നു പറയുന്നത്. പ്രിൻസിപ്പൽ എംപ്ലോയർ. അവരാണ് വീടുകൾക്ക് ഈ സ്ത്രീകളെ കൊടുക്കുന്നത്. അങ്ങനെ വരുമ്പോൾ അവരും എംപ്ലോയറുടെ ഭാഗത്ത് വരുന്നു. ഒരു സംഘടിത സ്വഭാവം നമ്മുടെ ഗ്രാമപ്രദേശങ്ങളിലും ഇത്തരം തൊഴിലിൽ ഏർപ്പെടുന്ന ആളുകൾക്ക് തൊഴിലാളികളെ കൊടുക്കുന്ന സംഘടനകൾക്ക് ഉണ്ട്. ഇവർ വലിയൊരു ചൂഷണത്തിന് വിധേയമാകുകയാണ്. 1500 രൂപ, 1700 രൂപ, 2000 രൂപ കൊടുക്കാമെന്നു പറഞ്ഞ് ഇത്തരം സ്ഥാപനങ്ങളും, കമ്പനികളും, തൊഴിലാളികളെ സപ്ലൈ ചെയ്യുന്ന സ്ഥാപനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ട സ്ത്രീകളെയും തൊഴിലാളികളേയും റിക്രൂട്ട് ചെയ്യുകയും അവിടെ നിന്ന് കുറഞ്ഞ വേതനത്തിന് കുടുംബങ്ങളിലേക്ക്, മറ്റു സ്ഥാപനങ്ങളിലേക്ക് അല്ലെങ്കിൽ അതുപോലുള്ള വീടുകളിലേക്ക് തൊഴിൽ ചെയ്യുന്നതിനുവേണ്ടി അല്ലെങ്കിൽ വീട്ടുജോലി ചെയ്യുന്നതിനു വേണ്ടി, പാചകജോലി ചെയ്യുന്നതിനുവേണ്ടി, അതുപോലെ ശുചീകരണ ജോലി ചെയ്യുന്നതിനുവേണ്ടി നിയമിക്കാറുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ആശുപത്രികളിൽ രോഗികളെ ശുശ്രൂഷിക്കുന്നതിനും നിയമിക്കുന്നുണ്ട്.

ശ്രീ. എം. എ. വാഹീദ്: അതുണ്ട് സർ, അതായത് പ്രായമായ അച്ഛനമ്മമാരെ ശുശ്രൂഷിക്കാൻ സാഹചര്യം ഇല്ലാത്ത, ജീവിതത്തിന്റെ പ്രാരാബ്ധങ്ങളും ബുദ്ധിമുട്ടുകളും കൊണ്ട് അവരെ ചികിൽസിക്കാൻ ആവശ്യമായ സമയം ലഭ്യമല്ലാത്തതുകൊണ്ട് പല മക്കളും മാതാപിതാക്കളെ നോക്കുവാൻ പോലും നേഴ്സുമാരെ വയ്ക്കുന്നുണ്ട്. അങ്ങനെ വയ്ക്കപ്പെടുന്നവർ ചൂഷണത്തിന് വിധേയരാകുന്നു. അവർക്ക് തൊഴിൽ സംരക്ഷണമില്ല. അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ, അവരുടെ അവകാശങ്ങൾ ഇവയെല്ലാം നിഷേധിക്കപ്പെടുന്നു. നിരാലംബരും സംഘടിതശേഷി ഇല്ലാത്തവരുമായ, തീർത്തും അസംഘടിത മേഖലയിലുള്ള പാവപ്പെട്ട തൊഴിലാളികളെയാണു സർ, ഞാൻ ഈ പാചക, വീട്ടു ജോലിയിൽ ഏർപ്പെടുന്ന തൊഴിലാളികൾ എന്ന് ഉദ്ദേശിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: Your time is over.

ശ്രീ. കെ. മോഹൻകുമാർ: പാചക ശുചീകരണ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി തികച്ചും മനുഷ്യോചിതമായ ഒരു ബില്ലാണ് അങ്ങ് ഇവിടെ അവതരിപ്പിക്കുന്നത്. അങ്ങയുടെ വീട്ടിൽ നിന്നും ഇതിന് അനുമതി വാങ്ങിയോ എന്നതാണ് എന്റെ പ്രസക്തമായ ചോദ്യം.

ശ്രീ. എം. എ. വാഹീദ്: അവരോടൊക്കെ അനുമതി വാങ്ങി ആലോചിക്കേണ്ട വരോടൊക്കെ ആലോചിച്ചു. ഇത് ആവശ്യമായ ബില്ലെന്ന് തോന്നിയതുകൊണ്ടാണ്, കേരള സംസ്ഥാനം ആകമാനം ആവശ്യമുള്ള കാര്യം ആയതുകൊണ്ടാണ്.....

മി. ഡെപ്യൂട്ടി സ്പീക്കർ: Are you concluding today? You can continue next time. ടൈം കഴിഞ്ഞു. റൂളിംഗ് നൽകിക്കഴിഞ്ഞു.

ശ്രീ. തമ്പാനൂർ രവി: അങ്ങ് ഇവിടെ പറഞ്ഞിരിക്കുന്നത് സംസ്ഥാനത്തെ വീടുകളിൽ പാചക/ശുചീകരണ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമനിധിയെക്കുറിച്ചാണ്. അതുപോലെ തന്നെ വീട്ടിൽ കുട്ടികളെ നോക്കുന്ന ഒരു വിഭാഗം ആളുകളുണ്ട്. അവരെ കൂടി ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly